(19) വെയർഹൗസിംഗ് കോർപ്പറേഷനിലെ താൽക്കാലിക ജീവനക്കാർ

ശ്രീ. കെ. പി. നൂറുദ്ദീൻ: സർ, വെയർ ഹൗസിംഗ് കോർപ്പറേഷനിൽ പത്തു പതിനഞ്ച് കൊല്ലത്തോളം ജോലി ചെയ്തിരുന്നവരെ സ്ഥിരപ്പെടുത്തിക്കിട്ടാത്തതിനെത്തുടർന്ന് വിഷമിക്കുന്ന ധാരാളം ആളുകളുണ്ട്. അതിനുവേണ്ടി അവർ ഒരുപാട് ബുദ്ധിമുട്ട് സഹിച്ചിട്ടുണ്ട്. അവർ ചെറിയ ശമ്പളത്തിനു ജോലി ചെയ്യുന്നവരാണ്. അവരെ സ്ഥിരപ്പെടുത്താത്തിടത്തോളം കാലം അവരുടെ ഭാവിയെക്കുറിച്ച് അങ്ങേയറ്റം ആശങ്കയുണ്ട്. അതുപോലെതന്നെ അവരുടെ ശമ്പള വർദ്ധനവ് തുടങ്ങിയ സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കാനുള്ള പ്രയാസങ്ങളുമുണ്ട്, ഇത് കണക്കിലെടുത്ത് എത്രയും വേഗം അവരെ സ്ഥിരപ്പെടുത്തുന്നതിനും മറ്റ് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു കൊടുക്കുന്നതിനും ഗവൺമെൻറ് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. തങ്കച്ചൻ): സർ, അനുഭാവപൂർവ്വം ഗവൺമെൻറ് ഈ കാര്യം പരിഗണിച്ചുകൊണ്ട് പരമാവധി ആളുകളെ സ്ഥിരപ്പെടുത്തുന്നതിന് അടിയന്തിരമായി നടപടികൾ കൈക്കൊള്ളുന്നതാണ്.

(20) സോയിൽ കൺസർവേഷൻ ഓഫീസ് ചേർത്തലയിൽ സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, ആലപ്പുഴ ജില്ലയിലെ സോയിൽ കൺസർവേഷൻ പരിപാടി നടപ്പിലാക്കേണ്ട ഓഫീസ് പത്തനംതിട്ട ജില്ലയിൽ തിരുവല്ലയിലാണ് പ്രവർത്തിക്കുന്നതെന്നുള്ളത് ഈ സഭയിലും കൃഷി സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയിലും ഉന്നയിച്ചതാണ്. ഈ ഓഫീസ് ആലപ്പുഴ ജില്ലയിൽ ചേർത്തലയിൽ സ്ഥാപിക്കണമെന്ന ആവശ്യം തത്വത്തിൽ ഗവൺമെൻറ് അംഗീകരിച്ചുവെങ്കിലും അത് ഇതുവരെ നടപ്പാക്കാൻ ഗവൺമെൻറിന് കഴിഞ്ഞില്ല. ആലപ്പുഴ ജില്ലയിലെ ജനങ്ങൾ, പ്രത്യേകിച്ച് മണ്ണൊലിപ്പുണ്ടാകുന്ന ചേർത്തല പ്രദേശത്തെ ആളുകൾ അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ പത്തനംതിട്ടയിലെ തിരുവല്ലയിൽ പോകണമെന്ന ഒരു സ്ഥിതി ഒഴിവാക്കാൻ ഗവൺമെൻറിന് കഴിയാതെ പോകുന്നത് വളരെ പരിതാപകരമാണ്. ചില ഉദ്യോഗസ്ഥൻമാരുടെ പിടിവാശിയാണ് ഈ കാര്യത്തിലുള്ളതെന്നാണ് മനസ്സിലാക്കുന്നത്. ഈ കാര്യത്തിൽ ഗവൺമെൻറ് കർശനമായ നിലപാട് എടുക്കണം. സമയബന്ധിതമായി ഈ ഓഫീസ് ചേർത്തലയിൽ സ്ഥാപിക്കുമെന്ന കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. തങ്കച്ചൻ): സർ, മണ്ണ് സംരക്ഷണ ഓഫീസ് ചേർത്തലയിൽ സ്ഥാപിക്കുന്നതിന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ പുതിയ പോസ്റ്റ് ക്രിയേഷൻസിനെ ബുദ്ധിമുട്ടുണ്ട്. എങ്കിലും വരുന്ന സാമ്പത്തിക വർഷം അത് ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly